E
2055PL

ഡോ. കെ. ഭാസ്കരൻനായർ

# സയൻസും ടെക്നോളജിയും മനുഷ്യവർഗത്തിന്റെ ഭാവിയും

സയൻസും ടെക്നോളജിയും ആധുനിക മനുഷ്യന് പ്രാണവായുപോലെ അനുപേക്ഷണീയമായി തീർന്നിരിക്കുകയാണ്. അവയെ ആശ്രയിക്കാതെ ഈ ലോകം ഒരു ദിവസം പോലും 'ഉദിച്ചണയുക'യില്ലെന്നാണ് വിവരമുള്ളവരുടെയെല്ലാം ഐകകണ്ഠമായ അഭിപ്രായം. ഇതുവരെ സ്വായത്തമാക്കിയ നിർമ്മാണവിദ്യകൾ കൊണ്ട് തൃപ്തിപ്പെട്ടിരുന്നാൽപോരാ; ദിവസംതോറും പുതിയ പുതിയ ഉപായങ്ങൾ കണ്ടുപിടിക്കുകയും വേണം; അല്ലെങ്കിൽ നാം പിൻതള്ളപ്പെട്ടുപോകും, എന്നും ചില രാജ്യങ്ങൾ വാദിക്കുന്നു. വിദ്യുച്ഛക്തിയും, തീവണ്ടിയും, മോട്ടോർകാറും, വിമാനവും, റേഡിയോയും, ടെലിവിഷനും, ഉരുക്കും, സിമെന്റും, ഖനിയെണ്ണകളും, പുതിയതരം ഔഷധങ്ങളും, രാസവളങ്ങളും, കടലാസ്സും, അച്ചടിയും, പത്രങ്ങളും, സിനിമയും ഇല്ലാതെ എങ്ങനെയാണ് മനുഷ്യൻ ജീവിക്കുക എന്ന ചോദ്യം എവിടെയും കേൾക്കാം. സയൻസും ടെക്നോളജിയും കൊണ്ട് നിർമ്മിച്ചെടുത്ത ഈ പുതുമകളാണ് ഇന്നത്തെ ലോകത്തിന്റെ പ്രതീകങ്ങൾ. അതുകൊണ്ട് അവയെയും, കൂടുതൽ ആകർഷകങ്ങളായ പ്രതീക്ഷകളെയും, മുൻനിർത്തിയുള്ള ഈ ചോദ്യത്തിന് മറുപടിയില്ലെന്നു തോന്നിയേക്കാം. എന്നാലും ഈ സന്ദർഭത്തിൽ അത്യധികം പ്രസക്തങ്ങളായ ചില വസ്തുതകൾ നമുക്ക് പരിഗണിക്കുവാനുണ്ട്.

ഭൂമിയിൽ ഇന്ന് 400 കോടിയിൽപരം മനുഷ്യരുണ്ട്. 1975-ലെ കണക്കനുസരിച്ച് ഇതിൽ 116 കോടിമാത്രമാണ്,

Digitized by Kerala Sahitya Akademi

വ്യവസായവും വാണിജ്യവും ഭൂവിസ്തൃതിയുംകൊണ്ട് ഐശ്വര്യം നേടിയ (ഒന്നാം ലോകമെന്നും രണ്ടാം ലോകമെന്നും വിളിക്കുന്ന ഭൂവിഭാഗങ്ങൾ ഉൾപ്പെട്ട) രാജ്യങ്ങളിൽ ജീവിക്കുന്നത്. ബാക്കിയുള്ള 284 കോടിയാണ് മൂന്നാം ലോകം. ഇവരിൽ മഹാഭൂരിപക്ഷത്തിനും ആദ്യം പറഞ്ഞ ആധുനിക വിഭവങ്ങൾ നല്കുന്ന ജീവിതസുഖം ഇനിയും അനുഭവിക്കാൻ സാധിച്ചിട്ടില്ല. അത് അവരുടെ കഴിവില്ലായ്മകൊണ്ടാണ്, അദ്ധ്വാനക്കുറവുകൊണ്ടാണ്, എന്നൊക്കെ കുററം പറയാം. പറയുന്നുമുണ്ട്. കാരണം എന്തുമാകട്ടെ. സിദ്ധമായ വസ്തുതയാണ്, അനുഭവസത്യമാണ്, നാം പരിശോധിക്കുന്നത്. ഇവരെ മുഴുവനും നാളത്തെ പ്രഭാതത്തിൽ അമേരിക്കക്കാരൻെറയോ ജെർമ്മനിക്കാരൻെറയോ ജപ്പാൻകാരൻെറയോ പരിഷ്കൃത നിലയിലേക്ക് മഹേന്ദ്രജാലം കൊണ്ട് ഉയർത്തുകയാണെങ്കിൽ ആധുനിക ജീവിതം അതോടെ അസ്തമിക്കും. എണ്ണായിരം മൈൽ മാത്രം വ്യാസമുള്ള, മൂന്നിൽ രണ്ടു ഭാഗവും സമുദ്രജലത്താൽ മൂടപ്പെട്ട, ഈ ഭുവന ഗോളത്തിൽ അതിന്നു വേണ്ട വിഭവങ്ങളില്ല. ശുദ്ധജലത്തിനുപോലും ഭയാനകമായ ദുർഭിക്ഷമുണ്ടാകും. അതിനുശേഷമല്ലെ വിദ്യുച്ഛക്തിയെയും വിമാനത്തെയും പററി ആലോചിക്കേണ്ടതുള്ളു.

ആധുനികകാലത്തെ ഈ സയൻസും ടെക്നോളജിയും ഒരു ന്യൂനപക്ഷത്തിനു മാത്രം ഗുണം ചെയ്യുന്ന വിദ്യകളാണ്. ആ ഉദ്ദേശത്തോടെയാണ് അവയെ വളർത്തിയെടുത്തതെന്ന് സൂചിപ്പിക്കുകയല്ല. സാഹചര്യങ്ങളുടെ സവിശേഷതയാൽ അങ്ങനെയാണ് അവ വളരുവാൻ ഇടയായത് എന്നേ വിവക്ഷയുള്ളു. പക്ഷേ ഇന്നിപ്പോൾ അവയുടെ ഗുണഫലങ്ങൾ അനുഭവിച്ച് അതൊരു ശീലമായിത്തീർന്നവർക്ക് അവയെ കൈവിടുവാൻ സാധ്യമല്ലാതെ വന്നിരിക്കുന്നു. അതൊന്നും അനുഭവിക്കുവാൻ സാധിക്കാതെ കൊതിപൂണ്ടു നില്ക്കുന്ന ബാക്കിയുള്ള വൻഭൂരിപക്ഷം തങ്ങൾക്കും ഈ സൗഭാഗ്യങ്ങൾ കൂടിയേ തീരൂ എന്ന് മുറവിളി കൂട്ടുകയും ചെയ്യുന്നു. ഇതാണ് ഇന്നു ലോകത്തെ അടിമുടി പ്രകമ്പനം ചെയ്യിക്കുന്ന സംഘർഷത്തിൻെറ യഥാർത്ഥകാരണം. ഈ കോലാഹലത്തിൽ അർത്ഥശാസ്ത്രജ്ഞന്മാർ അണിനിരത്തിവയ്ക്കുന്ന സ്ഥിതിവിവരക്കണക്കുകളാണ് ഏററവും ദുസ്സഹമായിത്തീർന്നിരിക്കുന്നത്. അമേരിക്കയിൽ ഇരുപതു കോടി ജനങ്ങളുണ്ട്.

Digitized by Kerala Sahitya Akademi

അവർക്ക് പത്തുകോടി മോട്ടോർവാഹനങ്ങളുമുണ്ട്, ഇതിൻെറ 'അർത്ഥം' അവിടെ രണ്ടുപേർക്ക് ഒരു കാറുവീതം ഉണ്ടെന്നാണല്ലോ! ഉണ്ടോ? ശരിയാണോ? അല്ല. അതു സർവാബദ്ധമാണ്. രണ്ടും മൂന്നും കാറുകളുള്ള ആളുകളുണ്ട്. പക്ഷേ ''രണ്ടുപേർക്ക് ഒരു കാറുവീതം'' സമമായി വിതരണം ചെയ്തിരിക്കുന്നത് പാഠപുസ്തകങ്ങളിലെ പട്ടികകളിൽ മാത്രമാണ്. അവിടെയും കാറുള്ളവരെക്കാം കാറില്ലാത്തവരാണ് അധികം. ഇല്ലാത്തവർക്ക് ഉള്ളവരോട് അടങ്ങാത്ത അമർഷവുമുണ്ട്. അത് പക്ഷേ സ്ഥിതി വിവരക്കണക്കുകളിൽ കാണുകയില്ല. ഇങ്ങനെ നോക്കിയാൽ പുരോഗതിയുടെ മുൻപിൽ നില്ക്കുന്ന രാജ്യങ്ങളിൽ പോലും സയൻസും ടെക്നോളജിയും ഭൂരിപക്ഷത്തിൻെറ ഭൂരിസ്വത്തിനല്ല ഉതകിയിരിക്കുന്നതെന്നു കാണാം.

സത്യത്തിൽ സയൻസും ടെക്നോളജിയും വ്യവസായ പരിഷ്ക്കാരത്തിന് ദാസ്യവേലചെയ്യുന്ന ഗർഹണീയമായ സ്ഥിതിവിശേഷമാണ് ആധുനിക കാലത്ത് സംജാതമായിരിക്കുന്നത്. ഒരുകാലത്ത് ശുദ്ധമായ വിജ്ഞാനം എന്ന യശസ്സുനേടിയ സയൻസിനും ഈ ഗതികേടുവന്നത് ഏററവും പരിതാപകരമെന്നേപറയാനുള്ളു. അത് വെറും ഭൗതികവാദമായി അധഃപതിച്ചിരിക്കുന്നു. അതിൻെറ നിരന്തരമായ പരിചരണത്താൽ പോഷിപ്പിക്കപ്പെടുന്ന ടെക്നോളജിയും വ്യവസായങ്ങളും കൂട്ടുചേർന്ന് സമസ്ത ജീവജാലത്തിനും ഏകാവലംബവും, ഏതു ന്യായത്തിൽ നോക്കിയാലും സമമായി അവകാശപ്പെട്ടതുമായ ഭുവനമണ്ഡലത്തെ അപായകരമായ തോതിൽ വിഷദൂഷിതവും ആക്കിയിരിക്കുന്നു. ഇതേപ്പററിയുള്ള ബോധോദയം അങ്ങിങ്ങ് അൽപസ്വല്പമായി ഉണ്ടാകുന്നുണ്ടെങ്കിലും അതിന് ആവശ്യമുള്ള ബലം കിട്ടുന്നില്ല. എന്നല്ല, ഉഷ്ണം ഉഷ്ണേന എന്നു പറഞ്ഞതുപോലെ ടെക്നോളജിയുടെ ദോഷങ്ങളെ ടെക്നോളജികൊണ്ടു തന്നെ മാററാമെന്ന അഭിപ്രായവും പ്രചരിച്ചു തുടങ്ങിയിരിക്കുന്നു. ഇതാണ് ഏററവും നല്ല പരിഹാരമെന്ന് അംഗീകരിക്കപ്പെടുകയാണെങ്കിൽ വിഷം വമിക്കുന്ന ഇന്നത്തെ ടെക്നോളജി പൂർവാധികം ശക്തിമത്തായി തുടരുകയും അതോടൊപ്പം ആ വിഷത്തെ ദൂരീകരിക്കുന്ന മറെറാരു ടെക്നോളജികൂടി ഉണ്ടാവുകയും ചെയ്യും. രണ്ടിൻെറയും ലക്ഷ്യം സുഖമനുഭവിക്കുന്ന ന്യൂനപക്ഷത്തിൻെറ ഉൽക്കർഷത്തെ സംരക്ഷിക്കുകയും! അല്ലാതെ അതുകൊണ്ട് മൂന്നാംലോകത്തിന് കാര്യമായ

Digitized by Kerala Sahitya Akademi

ഗുണമൊന്നും സിദ്ധിക്കുമെന്ന് പ്രതീക്ഷിക്കാനില്ല. അവരുടെ ദുരിതം വർധിക്കുവാനേ വഴി കാണുന്നുള്ളു. എന്തെന്നാൽ അവരുടെ എണ്ണം ഭയാനകമായി പെരുകിക്കൊണ്ടിരിക്കുകയാണ്. 25 വർഷംകൊണ്ട് മൂന്നാം ലോകത്തിലെ ജനസംഖ്യ ഇരട്ടിക്കുന്ന ലക്ഷണങ്ങളാണ് കാണുന്നത്. സാക്ഷാൽ ജനപ്രളയം തന്നെ.

വൈദ്യവിദ്യയും ആരോഗ്യരക്ഷാനടപടികളും പുരോഗമിച്ചതിന്റെ ഫലമായിട്ടാണ് ഈ ജനപ്പെരുപ്പം ഉണ്ടായത്. സൽഫാഗുളികയും പെനിസിലിനും ഡി.ഡി.ടി.യും മററും വന്നപ്പോഠം പകർച്ചവ്യാധികളും ദുർമ്മരണങ്ങളും ഇല്ലാതായി. അൻപതുവർഷം മുമ്പുപോലും എണ്ണം നോക്കിയാൽ സമബലത്തിൽ നിന്നിരുന്ന ജനനമരണങ്ങളുടെ വാട്ടം തെററി. ജനനങ്ങളുടെ എണ്ണം മരണങ്ങളുടെ എണ്ണത്തെക്കാഠം വളരെക്കൂടുതലായി. ജനസംഖ്യ കുതിച്ചുകയറുവാനും തുടങ്ങി. സമ്പന്നരാഷ്ട്രങ്ങഠംക്ക് ഈ വൈഷമ്യം അനുഭവിക്കേണ്ടി വന്നില്ല. അവരുടെ ഇടയ്ക്കു മരണം കുറഞ്ഞതിനോടൊപ്പം ജനനത്തെയും കുറയ്ക്കുവാൻ സാധിച്ചു. ഇന്ന് ജർമ്മനിയെപ്പോലുള്ള ചില രാജ്യങ്ങളിൽ ജനന നിരക്ക് മരണനിരക്കിനെക്കാഠം കുറഞ്ഞിരിക്കുകയാണ്. അവിടുത്തെ ജനസംഖ്യ അടിക്കടി കുറയുന്നു എന്നാണ് പരാതി. മുകളിൽ ന്യൂനപക്ഷം എന്നു വിശേഷിപ്പിച്ച വിഭാഗത്തിൽപെട്ട രാജ്യങ്ങളിലൊന്നും ജനപ്പെരുപ്പം ഒരു ഭീഷണിയല്ല. ഭൂരിപക്ഷം വരുന്ന മൂന്നാം ലോകക്കാരാണ് ഈ വിഷയത്തിലും വിഷമിക്കുന്നത്.

ലോകം ഇങ്ങനെ മുന്നോട്ടുപോയാൽ എന്തു സംഭവിക്കുമെന്ന് ഏറെക്കുറെ വ്യക്തമായി വരുകയാണ്. മനുഷ്യവർഗം ദരിദ്രന്മാരെന്നും ധനികന്മാരെന്നും രണ്ടു ചേരികളായി ഭിന്നിച്ചുപോകും. ഇന്നത്തെ മട്ടിലുള്ള സയൻസും ടെക്നോളജിയും ധനികന്മാരുടെ ചേരിയെ മാത്രമേ ഗുണപ്പെടുത്തുകയുള്ളു. ചൈനയിലും ഇന്ത്യയിലും ആഫ്രിക്കയിലും ലാററിൻ അമേരിക്കയിലും ലാഭത്തിൽ നടത്താവുന്ന വ്യവസായങ്ങഠം ആരംഭിച്ചെന്നു വരാം. പക്ഷേ അവയുടെ ഉൽപന്നങ്ങഠം ധനികരാഷ്ട്രങ്ങഠംക്കു വില്ക്കുകയല്ലാതെ അവിടുത്തെ ജനങ്ങഠംക്കു ഉപയോഗിക്കുവാൻ സാധിക്കുകയില്ല. പട്ടിണിപ്പരിഷകഠംക്കു് ടെലിവിഷൻ സെററുകളെന്തിന്? ആഹാരത്തിനുതന്നെ വകയി

Digitized by Kerala Sahitya Akademi

ല്ലാത്തവർക്കു് മരുന്നുകൾ പോലും വാങ്ങുവാൻ കഴിവി ല്ലാതാകും. ഒരുപക്ഷേ അങ്ങനെ ആയിരിക്കുമോ ഈ ജന പ്രളയം അവസാനിക്കുവാൻ പോകുന്നതെന്ന് ഭയം തോന്നുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പു് മിക്കവാറും നിർമ്മാർജനം ചെയ്തു എന്നു വിശ്വസിച്ച മലമ്പനി വീണ്ടും പടർന്നു പിടിക്കുന്നതു നോക്കുക. ഈ ആപ ത്തുകൾ വിദൂരസ്ഥങ്ങളാണെന്നു വിചാരിക്കുന്നതു തെററാണ്. അടുത്ത ഒന്നു രണ്ടു ദശവർഷങ്ങൾക്കുള്ളിൽ മൂന്നാം ലോകം കരകാണാത്ത മഹാദുരിതത്തിൽ മുങ്ങി പ്പോകും. അതിൻെറ നിസ്തർക്കമായ സൂചനകൾ കണ്ണു ള്ളവർക്കൊക്കെ കാണാവുന്നതാണെങ്കിലും, അവയുടെ നേർക്കു് കണ്ണടച്ചുകൊണ്ട് സമ്പന്നരാഷ്ട്രങ്ങളുടെ കൈ യിൽനിന്ന് അവരുടെ ഐശ്വര്യത്തിൻെറ ജനസംഖ്യാനുപാ തികമായ വിഹിതം പിടിച്ചെടുക്കുവാൻവേണ്ടിയുള്ള രാഷ്ട്രീ യമായ പോരാട്ടങ്ങളാണ് നടക്കുന്നത്. ഇതൊന്നും ഫലിക്കു വാൻ പോകുന്നില്ല. അതിനുവേണ്ടിയുള്ള മുൻകരുതലുകൾ ധനികരാഷ്ട്രങ്ങൾ നേരത്തെതന്നെ ചെയ്തു വച്ചിട്ടുണ്ടു്. ലോകത്തെമുഴുവനും പല തവണഭസ്മമാക്കുവാൻ മതിയാ കുന്ന ആയുധശക്തി സമാർജിച്ചതിൻെറ രഹസ്യം അതാണ്.

മൂന്നാംലോകം അതിൻെറ ജീവിതാദർശങ്ങൾ അടി സ്ഥാനം തൊട്ടുതന്നെ പുനരവലോകനം ചെയ്ത് തങ്ങൾക്കു യോജിച്ച ഉദ്ധാരണ യത്നങ്ങൾ സംഘടിപ്പി ക്കുകയല്ലാതെ ഈ ആപത്തിനെ നിവാരണം ചെയ്യുവാൻ മററു മാർഗങ്ങളില്ല. ആദ്യം ചെയ്യേണ്ടത്, ജനപ്പെരുപ്പത്തെ ലഭ്യമായ എല്ലാ ഉപായങ്ങളും സ്വീകരിച്ച് നിയന്ത്രിക്കു കയാണ്. മൃദുല ചിന്തകൾക്കും ഉദാസീന ഭാവങ്ങൾക്കും പ്രസക്തിയില്ലാത്ത അത്യാവശ്യകാര്യമാണിത്. ഇപ്പോൾ തന്നെ ഈ പിൻകിടരാജ്യങ്ങളിൽ ജീവിതത്തിന് ഒരു വിലയും ഇല്ലാതായിരിക്കുന്നു. അവശ വിഭാഗങ്ങൾ എന്ന ഭംഗിവാക്കു കൊണ്ട് നിർവചിക്കാറുള്ള കുഞ്ഞുങ്ങളെയും വൃദ്ധജന ങ്ങളെയും കാരുണ്യത്തിൻെറ കണികപോലും ഇല്ലാതെ യാണ് കൈകാര്യം ചെയ്യുന്നത്. സമുദായവും സർക്കാരും മാത്രമല്ല, സ്വന്തം ബന്ധുക്കൾപോലും! അതിനെക്കാൾ വലിയ പാപമാണോ അനന്തരാവകാശികളെ അവശേഷി പ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതെന്ന് ആലോചിക്കണം. മുൻകാലങ്ങളിൽ വംശം പുലർത്തുവാ നുള്ള ചുമതല മനുഷ്യധർമ്മങ്ങളിൽ സർവ പ്രധാനമായി കരുതപ്പെട്ടിരുന്നു. അതെല്ലാം ഭൂമിയിൽ വേണ്ടുവോളം

Digitized by Kerala Sahitya Akademi

സ്ഥലവും, പാടുപെട്ടെങ്കിലും ജീവിക്കാമെന്നുള്ള പ്രത്യാശയും, ഉണ്ടായിരുന്ന നല്ല കാലങ്ങൾ! അവ എന്നന്നേക്കുമായി അസ്തമിച്ചു. അതുകൊണ്ട് ആ ധർമ്മസങ്കൽപ്പങ്ങളും മാറുകതന്നെവേണം. യന്ത്രവിദ്യകളും വ്യവസായ പരിഷ്കാരവും ആഗോളവാണിജ്യവും കടലാസുസംസ്കാരവും കോൺക്രീററ് നാഗരികതയും കൊണ്ടുമാത്രമെ മനുഷ്യജീവിതം ധന്യതയെ പ്രാപിക്കുകയുള്ളു എന്ന വിശ്വാസവും മാറണം. ഈ ആധുനിക മൂല്യങ്ങളെ സ്ഥാനത്തും അസ്ഥാനത്തും പുകഴ്ത്തുന്ന വീക്ഷണഗതിയാണ് നിലവിലിരിക്കുന്നത്. അത് വർജ്ജിക്കണം. വൈദ്യവിദ്യയുടെ ലക്ഷ്യങ്ങളിലും പൊളിച്ചെഴുത്തു നടത്തണം. ദീർഘായുസ്സ് അതിൻെറ ദൈർഘ്യംകൊണ്ടുതന്നെ കാമ്യമാണെന്ന സങ്കൽപ്പമാണിന്നുള്ളത്. ആയുസ്സിൻെറ ദൈർഘ്യത്തെക്കുറിച്ച് ഓരോരാജ്യത്തെയും സ്ഥിതി വിവരക്കണക്കുകളിൽനിന്നു ലഭിക്കുന്ന ''പ്രതീക്ഷ'' അവിടുത്തെ പുരോഗതിയുടെ മാനദണ്ഡമായി തീർന്നിരിക്കുന്നതുനോക്കുക(Life expectancy). കാമകാഞ്ചനത്യാഗത്തെ ശ്രേഷ്ഠമായ ജീവിതധർമ്മമായി കരുതുന്ന പാരമ്പര്യമാണ് ഈ പിൻകിട രാജ്യങ്ങളിൽ പലതിലും നിലവിലിരുന്നത്. ആധുനിക വൽക്കരണത്തിൻെറ പേരിലും സയൻസിൻെറ പേരിലും യുക്തിവാദത്തിൻെറ പേരിലും പഴയ സംസ്കാരമെല്ലാം കളഞ്ഞുകുളിക്കുകയാണെങ്കിലും അതിൻെറ മൂല്യങ്ങളോടുള്ള ബഹുമാനം അങ്ങിങ്ങ് അൽപ്പസ്വൽപ്പമായിട്ടെങ്കിലും ഇന്നും ശേഷിക്കുന്നുണ്ട്. അതിനെ പുഷ്ടിപ്പെടുത്തി ബ്രഹ്മചര്യത്തിനും അപരിഗ്രഹത്തിനും മാന്യത ലഭിക്കുന്ന ജീവിത വീക്ഷണം പ്രചരിപ്പിക്കാവുന്നതാണ്. കഴിഞ്ഞ നൂററാണ്ടിൽ അയർലണ്ടിലുണ്ടായ ''ഉരുളക്കിഴങ്ങു ക്ഷാമ'' ത്തിനിടയ്ക്ക് അവിവാഹിതരായി ജീവിക്കുന്നവരെ പൂവിട്ടു പൂജിച്ചിരുന്നതായി പറയുന്നു. ക്ഷാമം കൊണ്ടുണ്ടായ മഹാദുരിതത്തെ അത്രയ്ക്കെങ്കിലും ലഘൂകരിച്ചല്ലോ എന്ന പരിഗണനയാണ് ഈ നടപടിക്ക് സമൂഹത്തെ പ്രേരിപ്പിച്ചത്. ഏതായാലും കലയുടെ പേരിലും വിനോദത്തിൻെറ പേരിലും കാമവികാരത്തെ കച്ചവടച്ചരക്കാക്കുന്ന ഇന്നത്തെ സമ്പ്രദായങ്ങൾ കൈവെടിയാതെ രക്ഷയില്ല. മൂന്നാം ലോകത്തെ നശിപ്പിക്കുവാൻ പോകുന്ന ജനപ്രളയത്തെ തടയുന്നതിന് ആദ്യം സ്വീകരിക്കേണ്ട ഉപായം അതാകുന്നു.

Digitized by Kerala Sahitya Akademi

ഇതെല്ലാം അററകൈയായ അന്ത്യചികിൽസപോലെയുള്ള പ്രതിവിധികളാണെന്നു തോന്നിയേക്കാം. ഒരർത്ഥത്തിൽ ആതു ശരിയാണ്. അതിനുള്ള സമയം എത്തിയിരിക്കുന്നു. പൂച്ചുമരുന്നുകാംകൊണ്ടൊന്നും മൂന്നാം ലോകത്തിൻെറയെ ങ്കിലും ദുർവിധിയെ നിവാരണംചെയ്യാൻ സാധിക്കുകയില്ല. ബാക്കിയുള്ള ന്യൂനപക്ഷത്തിനും അതേ അനുഭവംതന്നെ യാണ് വരാൻ പോകുന്നത്. ധനശക്തികൊണ്ടും ആയുധ ശക്തികൊണ്ടും കുറേക്കാലംകൂടി പിടിച്ചുനിൽക്കുവാൻ സാധിച്ചേക്കുമെന്നേയുള്ളൂ. സയൻസിനും ടെക്നോള ജിക്കും അസാദ്ധ്യമായി ഒന്നുമില്ല എന്ന പാശ്ചാത്യ മനുഷ്യൻെറ അഹങ്കാരവും വെറും അന്ധവിശ്വാസത്തിൽ നിന്നു ജനിക്കുന്നതല്ലെ എന്ന് ആ രാജ്യങ്ങളിലുള്ള വിവേക ശാലികാം സംശയിച്ചുതുടങ്ങിയിരിക്കുന്നു. ശാസ്ത്രജ്ഞ ന്മാരുടെ ഇടയ്ക്കുതന്നെയാണ് ഇങ്ങനെ സംശയിക്കു ന്നവർ ധാരാളമായി ഉണ്ടായിരിക്കുന്നത്. പക്ഷേ അവരുടെ താക്കീതുകാം രാഷ്ട്രീയനേതാക്കന്മാരുടെയും വ്യവസായ പ്രമുഖന്മാരുടെയും ശ്രദ്ധയിൽ പതിയുന്നില്ല. അസുഖ കരങ്ങളായ വസ്തുതകളുടെ നേർക്ക് അവർ ബാധിര്യം നടിക്കുന്നു. ഖനിയെണ്ണകളുടെ പ്രതിസന്ധിയുണ്ടായ പ്പോരം എല്ലാവരും ഒന്ന് ഞെട്ടുകയുണ്ടായി. പക്ഷേ ആ സംഭ്രമം അൽപ്പകാലത്തേയ്ക്കു മാത്രമേ നിലനിന്നുള്ളൂ. വളരെവേഗം ആ പ്രതിസന്ധിയുടെ ആഘാതവും സാമ്പ ത്തികഭാരവും ദരിദ്രരാജ്യങ്ങളിലേക്ക് തിരിച്ചുവിടു വാൻ ആഗോളവാണിജ്യത്തിൻെറ ചരടുപിടിത്തക്കാർക്ക് സാധിച്ചു.

യന്ത്രദാസ്യത്തിൻെറയും പരിഗ്രഹതൃഷ്ണയുടെയും ആപത്തുകാം ഇരുചെവിയറിയാതെ വന്നുകയറിയതാ ണെന്നുകരുതുന്നത് ശരിയല്ല. രണ്ടുമൂന്നു സഹസ്രാബ്ദ ങ്ങാംക്കു മുമ്പുതന്നെ തത്വജ്ഞാനികളെങ്കിലും അവയെ പ്പററി അതിനിശിതമായ അഭിപ്രായങ്ങാം പ്രകടിപ്പിച്ച തായി കാണുന്നുണ്ട്. 1976-ൽ അന്തരിച്ച വിശ്വവിഖ്യാതി നേടിയ ജർമ്മൻ അറോമിക് ശാസ്ത്രജ്ഞനായ വെർണർ ഹൈസൻബർഗ്ഗ് ചൂണ്ടിക്കാണിച്ച ഒരു വസ്തുത ഉദ്ധരി ക്കട്ടെ:

''അപരിഷ്കൃതമായ നിർമാണവിദ്യയും യന്ത്രസാമ ഗ്രികളും അതിപ്രാചീനകാലത്തുതന്നെ നിലവിലുണ്ടായി രുന്നു. ഇത്തരം പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ

Digitized by Kerala Sahitya Akademi

അന്നും മനുഷ്യർ നിർബന്ധിതരായിരുന്നു. ഉദാഹരണത്തിന് ചുവാങ്ത്സി എന്ന ചീനാ തത്വജ്ഞാനി, രണ്ടര സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ യന്ത്രങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് മനുഷ്യന് വന്നുകൂടുന്ന ദോഷത്തെപ്പററി പ്രതിപാദിച്ചുകാണുന്നു. പ്രസക്തമായ ഒരുഭാഗം ഇതാ:—

'ഹാൻ നദിയുടെ വടക്കുള്ള പ്രദേശത്തുകൂടി കടന്നുപോയപ്പോൾ ത്സിഗുങ്ങ് മലക്കറിത്തോട്ടത്തിൽ പണിയെടുക്കുന്ന ഒരു വൃദ്ധനെ കണ്ടു. അയാൾ ജലസേചനത്തിനു വേണ്ടി തോടുകൾ കുഴിച്ചിട്ടുണ്ടായിരുന്നു. തന്നത്താൻ കിണററിലിറങ്ങി ഒരു പാത്രത്തിൽ വെള്ളം കോരിക്കൊണ്ടു വന്നാണ് അയാൾ ജലസേചനം നടത്തിയത്. ആ മനുഷ്യൻ ആവോളം അദ്ധ്വാനിച്ചെങ്കിലും അതുകൊണ്ട് തുച്ഛമായ ഫലമേ കിട്ടിയുള്ളു.

ത്സിഗുങ്ങ് പറഞ്ഞു: ഒരുദിവസം നൂറു തോടുകൾ വീതം നനയ്ക്കുവാൻ പററിയ ഒരു വിദ്യയുണ്ട്. അൽപ്പ യത്നംകൊണ്ട് വലിയ ലാഭമുണ്ടാക്കാം. നിങ്ങൾക്ക് ആ സമ്പ്രദായം സ്വീകരിച്ചുകൂടെ?

കൃഷിക്കാരൻ നിവർന്നുനിന്ന് അയാളെ നോക്കിക്കൊണ്ടു ചോദിച്ചു: എന്താണാവോ ആ സമ്പ്രദായം?

ത്സിഗുങ്ങ് പറഞ്ഞു: ഒരററത്തു ഭാരംകെട്ടിയ ഒരു നീണ്ട തടിയുണ്ടാക്കിയാൽ മതി. അതുകൊണ്ട് ധാരാളം വെള്ളം കോരിയെടുക്കാം. അതിനാണ് ഏത്തം എന്നു പറയുന്നത്.

ഇതു കേട്ടപ്പോൾ കൃഷിക്കാരന്റെ മുഖം കോപാകുലമായി. അയാൾ പരുഷമായി ചിരിച്ചുകൊണ്ടു പറഞ്ഞു: എന്റെ ഗുരുനാഥൻ പറഞ്ഞുകേട്ടിട്ടുണ്ട്—യന്ത്രങ്ങൾ ഉപയോഗിക്കുന്നവൻ തന്റെ കൃത്യങ്ങളെല്ലാം യന്ത്രത്തെപ്പോലെ ചെയ്യും. തന്റെ കൃത്യങ്ങൾ യന്ത്രത്തെപ്പോലെ ചെയ്യുന്നവന് യന്ത്രത്തെപ്പോലെയുള്ള ഹൃദയമുണ്ടാകും. നെഞ്ചിനകത്ത് യന്ത്രത്തെപ്പോലെയുള്ള ഹൃദയവുംകൊണ്ടു നടക്കുന്നവന് അവന്റെ ശുദ്ധ സാരള്യം നഷ്ടപ്പെടുന്നു. ശുദ്ധ സാരള്യം നഷ്ടപ്പെട്ട മനുഷ്യൻ തന്റെ ആത്മാവിന്റെ നിയോഗങ്ങളെക്കുറിച്ച് നിശ്ചയമില്ലാത്തവനായിത്തീരുന്നു. ആത്മാവിന്റെ നിയോഗങ്ങളെക്കുറിച്ച് നിശ്ചയമില്ലായ്മ സത്യവുമായി പൊരുത്തപ്പെടാത്തതാണ്. ഈ സമ്പ്രദായങ്ങളൊന്നും എനിക്ക് അറിഞ്ഞുകൂടായ്കയല്ല;

Digitized by Kerala Sahitya Akademi

അവയെ സ്വീകരിക്കുന്നത് ഞാൻ ആക്ഷേപമായി കരുതുന്നു എന്നേയുള്ളു.' ''

ശാസ്ത്രജ്ഞനോ, തത്വജ്ഞാനിയോ, ചൈനാക്കാരനോ അല്ലാത്ത, എളിയവരിൽ എളിയവനായ തനി ഭാരതീയനായി ജീവിച്ച, മഹാത്മാഗാന്ധിയുടെ ജീവിതസന്ദേശവും ഇതുതന്നെയായിരുന്നു. അദ്ദേഹം ഉച്ചരിച്ച ഓരോ വാക്കിൻെറയും പിന്നാലെ ജീവിതസത്യങ്ങൾ ചിറകുവച്ച് പറന്നുവരുന്നതായിട്ടാണ് മനുഷ്യരാശിയെ അഭിമുഖീകരിക്കുന്ന ഇന്നത്തെ പ്രതിസന്ധിയിൽ നാം കാണുന്നത്. ഇനിയുമെങ്കിലും, ഇന്ത്യയെങ്കിലും, ആ സന്ദേശം ചെവിക്കൊള്ളുമോ?

★

Digitized by Kerala Sahitya Akademi